# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 345. 09.03.2015 ൽ മറുപടിയ്ക്ക്.

## സ്മാർട്ട് കാർഡ്

| ചോദ്യം<br>പ്രൊഫ.സി.രവീന്ദ്രനാഥ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസും ആർ. സി. രജിസ്ട്രേഷനും ഡിജിറ്റലൈസ് ചെയ്യുവാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) | ഡ്രൈവിങ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇപ്പോൾ ഡിജിറ്റൽ ഫോർമാറ്റിൽ സ്മാർട്ട് മൂവ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നൽകി വരുന്നത്. |
| (ബി) | സ്മാർട്ട് കാർഡ് ഇംപ്ലിമെന്റേഷന് വേണ്ടി ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ; | (ബി) & (സി) | ടെണ്ടർ നടപടി പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ തുക quote ചെയ്ത കമ്പനിക്ക് ( ITI ലിമിറ്റഡ്) 20/01/2006 ൽ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത സാങ്കേതിക വിദ്യ കാലഹരണപ്പെട്ടതാണെന്ന് പിന്നീട് കണ്ടെത്തിയതിനാൽ ഓർഡർ റദ്ദാക്കി. ഇതിനെതിരേ രണ്ട് കമ്പനികൾ ഫയൽ ചെയ്ത കേസ്സുകളിൽ (WP(C) No. 31909/2007 & WP(C)No. 36231/2007) M/s ITI Ltd കമ്പനിക്ക് അനുകൂലമായി വിധി വരുകയും പുതിയ ടെണ്ടർ വിളിക്കുവാൻ സാധിക്കാതാകുകയും ചെയ്തു. മാറിവന്ന സാങ്കേതിക |
| (സി) | ഇതിനായി ഏജൻസിയെ കണ്ടെത്തുന്നതിന് വിളിച്ച ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വിദ്യക്കനുസൃതമായും വില സംബ -ന്ധിച്ചും കൺസോഷ്യവുമായി കൂടിയാലോചന നടത്തി ധാരണയിൽ എത്തിയ ശേഷം ഉചിതമായ വിലയ്ക്ക് സ്മാർട്ട് കാർഡ് നൽകുവാൻ സർക്കാരിന് അവകാശമുണ്ടായിരിക്കു മെന്നാണ് ബഹു. ഹൈക്കോടതി 22/11/2011-ലെ വിധിയിൽ പ്രസ്താ -വിച്ചത്. ഇതിനായി 01/01/2014-ൽ സർക്കാർ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി രണ്ട് തവണ യോഗം ചേരുകയും ഇതനുസരിച്ച് കമ്പനിയിൽ നിന്ന് പ്രൊപ്പോസൽ വാങ്ങുകയും ചെയ്തു. ടി പ്രൊപ്പോസൽ പരിശോധിച്ച് വ്യക്തമായ ശുപാർശ സമർപ്പിക്കുവാൻ ഗതാഗത കമ്മീഷണറോട് ആവശ്യ പ്പെട്ടിരിക്കുകയാണ്. അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കാമോ ? | (ഡി) | നിരക്കുകൾ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് ഇപ്പോൾ കണക്കാക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ.